# കേരളപാഠാവലി

# മലയാളം

## ഭാഗം – 2

## സ്റ്റാൻഡേർഡ് – II


കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്
2015

JT 491-1/Malayalam- 2, Vol-2

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരതഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരതഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണ വുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.


ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി പ്രയത്നിക്കും.

*Prepared by* State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram - 695 012, Kerala.
*Website* www.scert.kerala.gov.in *e-mail* scertkerala@gmail.com

*Typeset and design by* SCERT Computer Lab

© Government of Kerala • Department of Education • 2015



പ്രിയപ്പെട്ട കുട്ടികളേ,

മലയാളം
നമ്മുടെ മധുരമായ
മാതൃഭാഷ.
പറയാനും പാടാനും
എത്രയെത്ര കഥകളും പാട്ടുകളും!
വിശാലമായ ലോകത്തിൽ
അറിയുന്നതും അറിയാത്തതുമായ
എന്തെന്തു കാര്യങ്ങൾ!
അന്വേഷിച്ചറിയാനും അറിവുകൾ പങ്കുവയ്ക്കാനും
ഭാവനയുടെ ചിറകേറിപ്പറക്കാനും.

വരൂ... പരസ്പരം സ്നേഹിക്കാനും
ഒരുമിച്ചു മുന്നേറാനും നമുക്കു കഴിയും.
പഠനം അതിനുള്ളതുമല്ലേ.

സ്നേഹാശംസകളോടെ,

**ഡോ. എസ്. രവീന്ദ്രൻനായർ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തക രചന

## ശില്പശാലയിൽ പങ്കെടുത്തവർ

**അബ്ദുറഹിമാൻ എൻ.**
ലക്ചറർ, ഡയറ്റ്, കോഴിക്കോട്

**അഷ്റഫ് കാവിൽ**
എം.ഐ.എ. യു.പി.എസ്. ചെറുവട്ടൂർ
മലപ്പുറം

**ജോസ് വിക്ടർ ജെ.**
ജി.എച്ച്.എസ്. ഊരൂട്ടുകാല
തിരുവനന്തപുരം

**പി.ടി. മണികണ്ഠൻ പന്തലൂർ**
ജി.എം.എൽ.പി.എസ്. മഞ്ചേരി സൗത്ത്
മലപ്പുറം

**രാജീവ് ടി.പി.**
ജി.എൽ.പി.എസ്. തച്ചണ്ണ
അരീക്കോട്, മലപ്പുറം

**കെ.കെ. സുരേഷ്ബാബു**
പാലയാട് സെൻട്രൽ ജെ.ബി.എസ്.
തലശ്ശേരി, കണ്ണൂർ

**ശ്രീലത സി.**
എ.യു.പി.എസ്. വരോട്,
ഒറ്റപ്പാലം, പാലക്കാട്

## വിദഗ്ധപരിശോധന

**പി. നാരായണമേനോൻ**, പ്രൊഫസർ (റിട്ട.), ശ്രീ കേരളവർമ്മ കോളേജ്, തൃശൂർ

**ഡോ. വിജയൻ ചാലോട്**, എസ്.എസ്.എ, കണ്ണൂർ

## ചിത്രകാരന്മാർ

**രാജീവ് എൻ.ടി.** ജി.എച്ച്.എസ്.എസ്. തരിയോട്, വയനാട്

**സന്തോഷ് വെളിയന്നൂർ**

**ജനു മഞ്ചേരി**

## അക്കാദമിക് കോഡിനേറ്റർ

**ഡോ. എസ്. ജയലക്ഷ്മി**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.


സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

## ഉള്ളടക്കം


| | | |
|---|---|---|
| 5. | അണ്ണാൻകുഞ്ഞും ആനമൂപ്പനും | 79 – 96 |
| 6. | ഞാനാണ് താരം | 97 – 106 |
| 7. | അറിഞ്ഞു കഴിക്കാം | 107 – 119 |
| 8. | അന്നും ഇന്നും | 120 – 135 |

# 5. അണ്ണാൻകുഞ്ഞും ആനമൂപ്പനും



നേരം വെളുത്തു. കാടുണർന്നു. അണ്ണാൻകുഞ്ഞ് കണ്ണു തുറന്നു. തലപൊക്കി നാലുപാടും നോക്കി. ഇലത്തുമ്പുകളിൽ തിളങ്ങുന്ന മഞ്ഞുതുള്ളികൾ! ഊഞ്ഞാലാടുന്ന തൂക്കണാംകുരുവികൾ! കാറ്റിന്റെ തണുപ്പ്. ഹായ്, എന്തു രസം!

അണ്ണാൻകുഞ്ഞ് കൂടുവിട്ട് പുറത്തേക്കിറങ്ങി. മരച്ചില്ലകൾ തോറും ചാടിനടന്ന് ഒച്ചവച്ചു: ‘‘ചിൽ... ചിൽ... ചിൽ...’’ അപ്പോൾ ആനമൂപ്പൻ മുഖം കഴുകാൻ ചോലയിലേക്ക് വരികയായിരുന്നു.

ശബ്ദം കേട്ട മൂപ്പൻ തല ഉയർത്തി നോക്കി.

‘‘ആരിവൻ? കാട്ടുരാജാവിനെ കണ്ടിട്ടും പേടിയില്ലെന്നോ?’’ ആനമൂപ്പന് കോപം വന്നു. അവൻ ചിന്നം വിളിച്ചു. കാടു കുലുങ്ങി. എന്നിട്ടും അണ്ണാൻകുഞ്ഞിന് പേടി തോന്നിയില്ല. അവൻ ചില്ലകൾ തോറും ചാടിനടന്ന് ഒച്ചവച്ചു: ‘‘ചിൽ... ചിൽ... ചിൽ...’’

‘‘എടാ അഹങ്കാരീ, ഇന്ന് നിന്റെ കഥ ഞാൻ കഴിക്കും.’’


ആനമൂപ്പൻ സർവശക്തിയും സംഭരിച്ച് അണ്ണാൻ ഇരുന്ന മരം പുഴക്കിയിട്ടു. അണ്ണാൻകുഞ്ഞ് മറ്റൊരു മരത്തിലേക്കു ചാടിക്കയറി.

പഠിച്ച പണിയെല്ലാം പയറ്റിയിട്ടും ആനമൂപ്പന് അണ്ണാനെ തൊടാൻ പോലും കഴിഞ്ഞില്ല. അവസാനം ആനമൂപ്പൻ തളർന്നു.

‘‘മൂപ്പാ, ഈ പൊണ്ണത്തടികൊണ്ട് എന്താ കാര്യം?’’ അണ്ണാൻകുഞ്ഞ് കളിയാക്കി: ‘‘ചിൽ... ചിൽ... ചിൽ...’’

‘‘നീ എന്നെ കളിയാക്കുന്നോ?’’

‘‘അയ്യോ! ഞാനോ? ഒരിക്കലുമില്ല. പക്ഷേ, ഒന്നു ചോദിച്ചോട്ടേ? ഈ തടിയും മിടുക്കും ഒക്കെ ഉണ്ടായിട്ട് എന്താ കാര്യം? ചതിക്കുഴിയിലെല്ലാം ചെന്ന് ചാടും. പിന്നെ നാട്ടുമനുഷ്യർ കെട്ടിവലിച്ചു കൊണ്ടുപോകും. തല്ലിയും കുത്തിയും മെരുക്കും. പണിയെടുപ്പിക്കും.’’



കേട്ടപ്പോൾ ശരിയാണല്ലോ എന്ന് ആനമൂപ്പനും തോന്നി. ചെറിയവനാണെങ്കിലും ഇവന് വിവരമുണ്ട്.

''എടാ അണ്ണാൻകുഞ്ഞേ, ചക്കരക്കുട്ടാ, നിന്നെ ഞാൻ സമ്മതിച്ചിരിക്കുന്നു. ഇനിമുതൽ നീയാ എന്റെ കൂട്ടുകാരൻ. വാ, എന്റെ പുറത്ത് കയറിക്കോ. കാടു മുഴുക്കെ കൊണ്ടുനടക്കാം.''

അണ്ണാൻകുഞ്ഞ് ആനപ്പുറത്ത് കേറി. ഞെളിഞ്ഞിരുന്നു. ആന മൂപ്പൻ നടന്നു.

## പറയാം, എഴുതാം

- ''കേട്ടപ്പോൾ ശരിയാണല്ലോ എന്ന് ആനമൂപ്പനും തോന്നി.'' എന്തു കാര്യമാണ് അണ്ണാൻ പറഞ്ഞത്?

## എത്ര വാക്കുകൾ?

| | | |
|---|---|---|
| കാടുണർന്നു | - | കാട്, ഉണർന്നു |
| സ്നേഹമില്ല | - | ................................................................ |
| ചെറിയവനാണെങ്കിലും | - | ................................................................ |
| പണിയെടുപ്പിക്കും | - | ................................................................ |

## കഥപറയാം, എഴുതാം

- ആദ്യം അണ്ണാനോട് കോപം തോന്നിയ ആന പിന്നീട് അവനുമായി ചങ്ങാത്തത്തിലായി. ഇതിനിടയിൽ നടന്ന കാര്യങ്ങൾ പറയൂ, എഴുതൂ.

## വാക്യം മാറ്റി എഴുതൂ

- എത്രയൊക്കെ ശ്രമിച്ചിട്ടും ആനമൂപ്പന് അണ്ണാൻ കുഞ്ഞിനെ ഒന്നും ചെയ്യാൻ കഴിഞ്ഞില്ല. അടിയിൽ വരയിട്ട വാക്കുകൾക്കു പകരം പാഠത്തിൽ പ്രയോഗിച്ചിരിക്കുന്ന വാക്കുകൾ ചേർത്ത് വാക്യം മാറ്റിയെഴുതൂ.

## ഒന്നിച്ചു നിന്നാൽ

അണ്ണാൻകുഞ്ഞിനെയും പുറത്തേറ്റി ആനമൂപ്പൻ നടന്നു.

''കൂട്ടുകാരേ, എങ്ങോട്ടാ കൊച്ചുവെളുപ്പാൻ കാലത്ത് ഒരു സവാരി?'' മരമൂപ്പൻ ചോദിച്ചു.

''ഞാനിവനെ കാടുകാണിക്കാൻ കൊണ്ടുപോവ്വാ.''

''എന്നാലേ, അങ്ങോട്ട് പോണ്ടാ.''

''എന്തേ?''

''ആനവേട്ടക്കാർ ഇറങ്ങിയിട്ടുണ്ട്. അവര് കണ്ടാൽ ആനമൂപ്പനെ കൊല്ലും. കൊമ്പ് പിഴുതെടുക്കും.''

''തിരിഞ്ഞു നടന്നോ''- അണ്ണാൻകുഞ്ഞ് പറഞ്ഞു.

അൽപ്പദൂരം ചെന്നപ്പോൾ മൂപ്പൻ നിന്നു.

''എന്തേ മൂപ്പാ? എന്തു പറ്റി?''

''മനുഷ്യച്ചൂര്!''

''എന്നാൽ നിൽക്ക്. ഞാൻ നോക്കീട്ടുവരാം.'' അണ്ണാൻകുഞ്ഞ് ഒരു മരത്തിന്റെ മുകളിലേക്കു കേറി. നാലുപാടും നോക്കി. പിന്നെ അതിവേഗം ചാടിയിറങ്ങി.

''എന്താ കുഞ്ഞേ?'' ആനമൂപ്പൻ ചോദിച്ചു.

''മരംവെട്ടുകാരാണ്. ഒരുപാടു പേരുണ്ട്''- അണ്ണാൻകുഞ്ഞ് ആനച്ചേട്ടന്റെ ചെവിയിൽ പറഞ്ഞു. അവർ മറ്റൊരു വഴിയിലേക്കു കടന്നു.

അപ്പോൾ എതിരെ വന്ന ചെന്നായമൂപ്പൻ പറഞ്ഞു:

‘‘കൂട്ടുകാരേ, ഇതിലെ പോകേണ്ട. തോക്കും നിറച്ച് കാത്തിരിക്ക്യാ, നാട്ടുമനുഷ്യര്.’’

‘‘ഇനി എന്താ ചെയ്യാ? കാട്ടില് ജീവിക്കാൻ വയ്യാണ്ടായി. കാടാണെങ്കിലോ? വെട്ടിവെട്ടി തീർന്നും പോയി. ഈ മനുഷ്യരെക്കൊണ്ട് പൊറുതിമുട്ടി. ഇനി എവിടേക്കാ പോവ്വാ?’’

‘‘പേടിക്കേണ്ട, വഴിയുണ്ട്’’– അണ്ണാൻ പറഞ്ഞു.

‘‘എന്താ? എന്താ വഴി?’’

‘‘പറയാം. ഇവിടെ നമുക്കൊന്നും ഒരുമയില്ല. ആരോടും സ്നേഹമില്ല. വഴക്കടിക്കും. കൊലവിളിക്കും. ശരിയല്ലേ?’’

‘‘ശരിയാണ്.’’

‘‘ഇത് മാറണം. നമ്മൾ ഒന്നിച്ചു നിൽക്കണം. കാടു മുടിക്കാൻ വരുന്നവരെ ഒറ്റക്കെട്ടായി നേരിടണം.’’

‘‘അതെങ്ങന്യാ?’’

‘‘പറയാം. നമ്മളിൽ പലതരക്കാരുണ്ട്. മരംകേറുന്നവർ, മാനത്ത് പറന്നു നടക്കുന്നവർ, സൂത്രശാലികൾ, മല്ലൻമാർ. മരംകേറുന്നവരും മാനത്ത് പറക്കുന്നവരും കാവൽക്കാരാവണം. കടുവയും കരടിയും കാട്ടുപോത്തും കുറുക്കനും പുലിയും ചെന്നായും കാട്ടുകടന്നലും ഒക്കെ കാടിളക്കിച്ചെന്നാൽ ശത്രു തോറ്റ് ഓടാതിരിക്കില്ല.’’

‘‘ശരിയാ കുഞ്ഞേ, നീ പറഞ്ഞത്.’’

എല്ലാവരെയും വിളിക്കാൻ ആനമൂപ്പൻ കുറുക്കച്ചാരോടു കൽപ്പിച്ചു. അവൻ വലിയ ഒരു പാറക്കല്ലിൽ കേറിനിന്ന് മേലോട്ടു നോക്കി, കണ്ണ് മുറുക്കിയടച്ച് കൂവാൻ തുടങ്ങി:

‘‘ഓ...ക്ക്യൊ....ക്ക്യോ....ക്ക്യൊ....ക്ക്യോ....’’



വിളികേട്ടതോടെ എല്ലാവരും പാഞ്ഞെത്തി. കരടിമൂപ്പനും കടുവമൂപ്പനും കുരങ്ങച്ചനും സിംഹച്ചാരും എല്ലാവരുമെത്തി. ആനമൂപ്പൻ കാര്യങ്ങൾ പറഞ്ഞു.

ആനകൾ ചിന്നം വിളിച്ചു. സിംഹങ്ങൾ അലറി. കടുവകളും കരടികളും പുലികളും ഒച്ചവച്ചു. കുറുക്കൻമാർ ഓരിയിട്ടു. കാട്ടുകടന്നലും തേനീച്ചയും കൂടുവിട്ടു മുന്നേ പറന്നു. കാടാകെ ഇളകിമറിഞ്ഞു. മരംവെട്ടുകാരും വേട്ടക്കാരും അമ്പരന്നു. അപ്പോഴേക്കും കാട്ടുകടന്നലുകൾ ആക്രമണം തുടങ്ങിക്കഴിഞ്ഞിരുന്നു. അതോടെ ശത്രുക്കൾ ജീവനും കൊണ്ട് ഓടാൻ തുടങ്ങി. കാട് ശാന്തമായി.

**(അണ്ണാൻകുഞ്ഞും ആനമൂപ്പനും)** **– വിപിൻ**

## പറയാം, എഴുതാം

- ഈ കഥയിൽ ഏതൊക്കെ ജീവികളാണുള്ളത്?


- നാട്ടിൽ കാണുന്ന ഏതെല്ലാം ജീവികളാണ് ഈ കൂട്ടത്തിൽ ഉള്ളത്?

## അറിയിപ്പ് ബോർഡ് തയാറാക്കാം

- ആനമൂപ്പൻ കാട്ടിലെ എല്ലാ ജീവികളെയും വിളിച്ചുകൂട്ടാൻ നിർദേശിച്ചു. അണ്ണാൻ അറിയിപ്പ് തയാറാക്കി കാടിന്റെ വിവിധ ഭാഗങ്ങളിൽ വച്ചു. അണ്ണാൻ തയാറാക്കിയ അറിയിപ്പു ബോർഡിൽ എന്തായിരിക്കും എഴുതിയിരിക്കുക? നിങ്ങളും എഴുതൂ.

## കഥപറയാം, എഴുതാം

- ‘‘ആനവേട്ടക്കാരും മരംവെട്ടുകാരും വീണ്ടും വന്നു. ഇത്തവണ കടന്നൽക്കുത്തേൽക്കാതിരിക്കാനുള്ള ഒരുക്കങ്ങളുമായാണ് അവർ വന്നത്.’’ കഥയുടെ ബാക്കി പറയൂ, എഴുതൂ.



## അഭിനയിക്കാം

- കാട്ടുമൃഗങ്ങൾ നാട്ടുമനുഷ്യരെ തുരത്തി ഓടിച്ച സംഭവം അഭിനയിച്ചു കാണിക്കൂ.

## നിർമിക്കാം

- മൃഗങ്ങളുടെ മുഖംമൂടികൾ നിർമിച്ചുനോക്കൂ.

## ശബ്ദം അനുകരിക്കാം

- അണ്ണാൻ എങ്ങനെയാണ് ഒച്ചവച്ചത്? കുറുക്കനോ? നിങ്ങൾക്ക് ഏതൊക്കെ ജീവികളുടെ ശബ്ദം അനുകരിക്കാൻ കഴിയും?

## കഥ മാറ്റിയെഴുതൂ

- അടിയിൽ വരയിട്ട പദങ്ങൾക്കു പകരം തന്നിരിക്കുന്ന വാക്കുകൾ ഉപയോഗിച്ച് കഥ മാറ്റിയെഴുതുക.

<u>അതിരാവിലെ</u> മിട്ടുമുയൽ ഉണർന്നു. 'എന്തെങ്കിലും തിന്നാൻ കിട്ടുമോ?' അവൻ <u>ചുറ്റും</u> നോക്കി . ''ങേ.... എന്താണ് ഒരു ഇരമ്പം കേൾക്കുന്നത്?'' ഹമ്മോ..... ആനക്കൂട്ടം നടന്നുവരുകയാണ്. മിട്ടുവിന് പേടിയായി. ''ഹോ, ഈ ആനകളെക്കൊണ്ട് <u>ജീവിക്കാൻ വയ്യാതായി</u>. ഇവരുടെ കാലിനടിയിൽപ്പെട്ടാൽ എന്റെ <u>കാര്യംതീരും</u>. വഴിയിൽനിന്ന് മാറിനിൽക്കുന്നതാണ് ബുദ്ധി.'' മിട്ടു <u>ആലോചിച്ചു</u>.

പൊറുതിമുട്ടി | കഥകഴിയും | ചിന്തിച്ചു | വെളുപ്പാൻകാലത്ത് | നാലുപാടും


## പദപ്രശ്നം

**വലത്തോട്ട്**


1. ഞാൻ മൂക്കുകൊണ്ട് വെള്ളം വലിച്ചെടുക്കാൻ കഴിയുന്ന ജീവിയാണ്.
2. മഴമേഘങ്ങൾ കണ്ടാൽ ഞാൻ
   പീലി വിടർത്തി കളിയാടും.
3. മരങ്ങൾ തോറും ചാടിനടക്കും, വാലിൽ തൂങ്ങി
   ഊഞ്ഞാലാടും.

**താഴോട്ട്**


1. ആളെക്കണ്ടാൽ കൈയും തലയും
   കട്ടിത്തോടിനുള്ളിലേക്കു വലിക്കും.
   ഞാനാരെന്ന് പറയാമോ?
4. പുറത്ത് മൂന്നു വരയുണ്ട്,
   'ചിൽ ചിൽ' എന്നു ചിലയ്ക്കും ഞാൻ.
5. കറുത്ത കമ്പിളിക്കുപ്പായക്കാരൻ.
   തേനാണെന്നുടെ ഇഷ്ടാഹാരം.
6. മും...മും... മൂളും ഞാൻ.
   രാത്രിയിലാണെൻ സഞ്ചാരം.




## ആമ പറന്നു




ആമയും അരയന്നങ്ങളും ചങ്ങാതിമാരാണ്.



കുളത്തിൽ വെള്ളം വറ്റി. അരയന്നങ്ങൾ അകലെയുള്ള കുളത്തിലേക്ക് പോകാൻ തയാറായി.



''നിന്നെയും ഞങ്ങൾ കൊണ്ടുപോകാം''– അരയന്നങ്ങൾ പറഞ്ഞു.



അവർ പറന്നു.

..........................................................

## സംഭാഷണം എഴുതാം

- അരയന്നങ്ങൾ ദൂരെയുള്ള മറ്റൊരു കുളത്തിലേക്ക് പോവുകയാണ്. ആമയ്ക്ക് സങ്കടമായി. ആമയും അരയന്നങ്ങളും തമ്മിലുള്ള സംഭാഷണം എഴുതൂ.

ആമ :

അരയന്നം :

ആമ :

അരയന്നം :

## കടങ്കഥകൾക്ക് ഉത്തരം കണ്ടെത്തി എഴുതൂ.


- ഒറ്റക്കാലിൽ തപസ്സു ചെയ്യും
  വെള്ളക്കുപ്പായക്കാരൻ
- കറുത്തപാറയ്ക്ക് വെളുത്ത വേര്
- ആമയിൽ ആദ്യം ഞാനാണെങ്കിൽ
  ചേനയിൽ ഞാനാണവസാനം
  കരയിൽ വലിയ മൃഗം ഞാൻ - എന്നുടെ
  പേരു പറയാമോ ചങ്ങാതീ!








## പറയൂ, എഴുതൂ

ഇവർ എന്തെല്ലാമായിരിക്കും പറഞ്ഞത്?



## കണ്ടെത്താം, എഴുതാം

സഞ്ചാരരീതിക്കനുസരിച്ച് ജീവികളെ തരംതിരിച്ച് എഴുതൂ.



**നീന്തുന്നവ**

•
•
•
•

**ഇഴയുന്നവ**

•
•
•
•



**പറക്കുന്നവ**

•
•
•
•

**നടക്കുന്നവ**

•
•
•
•








## കഥ പൂർത്തിയാക്കാം, തലക്കെട്ടു നൽകാം





..............................................................................................

മിട്ടു തിരിഞ്ഞോടാൻ തുടങ്ങുമ്പോഴേക്കും മുന്നിൽ ചെമ്പൻ ചെന്നായ. കണ്ണും തുറിച്ച്, നാവും നീട്ടി നിൽക്കുന്നു. എങ്ങനെയും രക്ഷപ്പെട്ടേ മതിയാവൂ. അവനൊരു സൂത്രം തോന്നി...




## മുട്ടയിടുന്നവരും പ്രസവിക്കുന്നവരും

കൂട്ടത്തിൽ പെടാത്തത് ആര്?



## കൂട്ടത്തിൽ പെടാത്തത് ആര്?

കണ്ടെത്തി വട്ടം വരയ്ക്കൂ. കൂട്ടത്തിൽ പെടാത്തത് എന്തുകൊണ്ടാണെന്നു പറയൂ.



## വരച്ച് യോജിപ്പിക്കൂ

| | |
|---|---|
| • പരന്ന കൊക്കുകളും നീന്താൻ പങ്കായംപോലുള്ള കാലുകളുമുണ്ട്. | **ആമ** |
| • ഒളിച്ചുവയ്ക്കാവുന്ന കൂർത്ത നഖങ്ങൾ ഉണ്ട്. | **പല്ലി** |
| • തോടിനുള്ളിലേക്ക് വലിക്കാനാവുന്ന തലയും കാലുകളും ഉണ്ട്. | **താറാവ്** |
| • വാൽ മുറിച്ചിട്ട് ശത്രുക്കളിൽനിന്ന് രക്ഷനേടും. | **പൂച്ച** |

## പാടി രസിക്കാം






# കുട്ടനും കൂട്ടുകാരും

കുട്ടൻ : ഏറെ വെളുപ്പിനുണർന്നിട്ട്
എന്തു പഠിച്ചൂ പൂങ്കോഴീ?


കോഴി : ഒന്നാം പാഠം വായിച്ചു:
"കൊക്കര-കൊരകൊര-കൊക്കൊക്കോ"

കുട്ടൻ : ഏറെ വെളുപ്പിനുണർന്നിട്ട്
എന്തു പഠിച്ചൂ കാക്കേ നീ?

കാക്ക : കാണാപ്പാഠം ചൊല്ലീ ഞാൻ:
"കാക്കിരി-കീക്കിരി-കാ കാ കാ"

കുട്ടൻ : ഏറെ വെളുപ്പിനുണർന്നിട്ട്
എന്തു പഠിച്ചൂ കുയിലമ്മേ?

കുയിൽ : പുതിയൊരു പാട്ടു പഠിച്ചൂ ഞാൻ:
"കൂ കൂ കൂ കൂ കുക്കുക്കൂ."





– സിപ്പി പള്ളിപ്പുറം

# 6. ഞാനാണ് താരം



സബീന ടീച്ചർ വെള്ളം നിറച്ച ബക്കറ്റ് മേശപ്പുറത്തുവച്ചു. ചുറ്റിലും നിൽക്കുന്ന കുട്ടികൾ എന്തൊക്കെയോ പറയുന്നുണ്ട്. ബക്കറ്റിലെ വെള്ളം കാതോർത്തു. അവരുടെ സംഭാഷണത്തിൽ നിന്ന് ഒരു കാര്യം പിടികിട്ടി.

ഇന്നു ക്ലാസിൽ ഞാനാണ് താരം.

അയ്യോ...ആരാ ബക്കറ്റ് തള്ളുന്നത്? എനിക്ക് പേടിയായി. ബക്കറ്റെങ്ങാൻ താഴെ വീണാൽ തീർന്നു കാര്യം.

എന്താണിവരുടെ പരിപാടി? ഒരു എത്തും പിടിയും കിട്ടുന്നില്ലല്ലോ.



ഏതായാലും കാത്തിരിക്കുകതന്നെ.

''ബ്ലും''- പെട്ടെന്ന് ബക്കറ്റിലേക്ക് ഒരു പന്തു വന്നുവീണു.

വീഴട്ടെ... ഈ പന്തിനെയൊക്കെ ഞാൻ എന്തുചെയ്യുമെന്ന് കണ്ടോളൂ.

''നോക്കൂ കുട്ടികളേ....ഈ പന്തു വെള്ളത്തിൽ മുങ്ങുന്നുണ്ടോ? ഇതുപോലെ എല്ലാ വസ്തുക്കളും വെള്ളത്തിൽ പൊങ്ങി നിൽക്കുമോ?'' ടീച്ചർ ചോദിക്കുന്നതു കേട്ടു.

പിന്നെ ഒരു ബഹളമായിരുന്നു.

കുട്ടികൾ കൈയിൽ കിട്ടിയതെല്ലാം ബക്കറ്റിൽ ഇട്ടുനോക്കി.

പെൻസിൽ, ആണി, ചോക്ക്, റബ്ബർബാന്റ്, നാണയം - അങ്ങനെ പലതും.

ഓ...ഈ പിള്ളേരുടെ ഒരു കാര്യം, ഇവയെല്ലാം വെള്ളത്തിലിട്ടു നോക്കണോ? വെള്ളത്തിൽ മുങ്ങുന്നതും പൊങ്ങിക്കിടക്കുന്നതും ഏതൊക്കെയെന്ന് ഇവർക്കറിയില്ലേ?

''വെള്ളത്തിൽ മുങ്ങുന്നതും പൊങ്ങിക്കിടക്കുന്നതും ഏതൊക്കെയെന്ന് കണ്ടെത്തിയല്ലോ. ഇനി വെള്ളത്തിന്റെ മറ്റൊരു കഴിവ് കണ്ടോളൂ.'' ടീച്ചർ ബക്കറ്റിൽനിന്നു മൂന്നു ഗ്ലാസുകളിൽ എന്നെ കോരിയെടുത്ത് മേശപ്പുറത്തു വച്ചുകൊണ്ടു പറഞ്ഞു.

എന്തിനുള്ള പുറപ്പാടാണാവോ?

സബീന ടീച്ചർ മൂന്നു കടലാസുപൊതികളെടുത്തു.

''ഇതിലുള്ള ഓരോ വസ്തുവും ഗ്ലാസിലിട്ടു നന്നായി ഇളക്കണം.'' കുട്ടികൾ പൊതിയഴിച്ചു. ഗ്ലാസിലൂടെ ഞാൻ ഓട്ടക്കണ്ണിട്ടു നോക്കി. ഒന്നിൽ പഞ്ചസാരയാണ്. അടുത്ത പൊതിയിൽ എന്താണ്?

ഓ....അത് ഉപ്പല്ലേ?

ഇടട്ടെ... ഇടട്ടെ... ഞാൻ കാണിച്ചുകൊടുക്കാം. മൂന്നാമത്തെ പൊതിയിൽ എന്താണ്? അത് മണലല്ലേ? മണൽ വെള്ളത്തിലിട്ടാൽ എന്തു സംഭവിക്കും? അവർ തന്നെ കണ്ടെത്തട്ടെ.

''നമ്മൾ ഏത് ഗ്ലാസിലാണ് ഉപ്പിട്ടത്? കണ്ടുപിടിക്കാമോ?'' ടീച്ചർ ചോദിച്ചു.

‘‘ഞാൻ പറയാം’’– മയൂഖ പറഞ്ഞു: ‘‘ഇത് ഉപ്പ്, ഇത് പഞ്ചസാര.’’ എത്ര പെട്ടെന്നാണവൾ കണ്ടുപിടിച്ചത്? ഇവൾ മിടുക്കിതന്നെ.

ഇനി ഞാൻ... ഇനി ഞാൻ.... കുട്ടികൾ ഓടി മേശയ്ക്കടുത്തെത്തി, തിക്കിത്തിരക്കി. അതിനിടയിൽ ആരുടെയോ കൈ തട്ടി ബക്കറ്റ് മറിഞ്ഞു. ഞാൻ മേശപ്പുറത്ത് ഒഴുകിപ്പരന്നു. ‘‘ഇത് തുടച്ചെടുക്കണമല്ലോ’’– ടീച്ചർ പറഞ്ഞു. കുട്ടികൾ കൈയിൽ കിട്ടിയതെല്ലാം എടുത്ത് എന്നെ തുടയ്ക്കാൻ തുടങ്ങി. കടലാസ്, പ്ലാസ്റ്റിക് കവർ, തുണി, സ്പോഞ്ച്.... അവർ തുടയ്ക്കാനെടുത്ത സാധനങ്ങളിൽ ചിലതിൽ ഞാൻ ഒളിച്ചിരുന്നു. ചിലതിൽ ഞാൻ കയറിയതേയില്ല.



## എഴുതാം

- ''ഇന്ന് ക്ലാസിൽ ഞാനാണ് താരം''- ഇങ്ങനെ പറഞ്ഞത് ആരാണ്? എന്തായിരിക്കും അങ്ങനെ പറയാൻ കാരണം?
- ബക്കറ്റിലെ വെള്ളമുപയോഗിച്ച് ക്ലാസിൽ ആദ്യം നടത്തിയ പരീക്ഷണം എന്തായിരുന്നു? എന്തൊക്കെ വസ്തുക്കൾ ഉപ യോഗിച്ചു?
- ഗ്ലാസിലെ വെള്ളം ഉപയോഗിച്ച് ടീച്ചർ എന്താണ് ചെയ്തത്?
- ഉപ്പുവെള്ളവും പഞ്ചസാരവെള്ളവും മയൂഖ തിരിച്ചറിഞ്ഞത് എങ്ങനെയായിരിക്കും?

## മുങ്ങിയതേത്? പൊങ്ങിയതേത്?

| മുങ്ങിയത് | പൊങ്ങിയത് |
|---|---|
| ............................................................ | ............................................................ |
| ............................................................ | ............................................................ |
| ............................................................ | ............................................................ |

## കണ്ടെത്താം

- ''ഒരു എത്തും പിടിയും കിട്ടുന്നില്ലല്ലോ'' - ഈ വാക്യം പാഠത്തിൽ എവിടെയാണെന്ന് കണ്ടെത്തി വരയ്ക്കൂ.
- 'എത്തും പിടിയും കിട്ടുക' എന്നതുകൊണ്ട് എന്തായിരിക്കും അർഥമാക്കുന്നത്?

## എഴുതാം

- പട്ടണത്തിലെത്തിയ രാമുവിന് ആശുപത്രിയിലേക്കുള്ള വഴി ഏതാണെന്നു മനസ്സിലായില്ല. ഈ വാക്യം 'എത്തും പിടിയും കിട്ടിയില്ല' എന്ന് ഉപയോഗിച്ച് മാറ്റിയെഴുതൂ.

## അറിയിപ്പ് തയാറാക്കാം

മയൂഖയും കൂട്ടരും ബുധനാഴ്ച നടക്കുന്ന ബാലസഭയിൽ വെള്ളം കൊണ്ടുള്ള പല പരീക്ഷണങ്ങളും അവതരിപ്പിക്കും. 'വെള്ളം കൊണ്ടുള്ള മായാജാലം' എന്നാണവർ അതിന് പേരിട്ടിരിക്കുന്നത്. ഇതിന്റെ അറിയിപ്പ് സ്കൂളിലെ നോട്ടീസ് ബോർഡിൽ പതിക്കണം.

ഈ അറിയിപ്പ് തയാറാക്കാം.

## ജലത്തിൽ എന്തൊക്കെ?

ചിത്രത്തിലെ ജന്തുക്കളെയും സസ്യങ്ങളെയും കണ്ടല്ലോ. ജലത്തിൽ കാണുന്നവയെ കുളത്തിലേക്ക് വരച്ചുചേർക്കൂ.



## നിരീക്ഷിച്ച് എഴുതാം

രണ്ടു ചിരട്ടകളിൽ പയർവിത്തുകൾ മുളപ്പിക്കൂ. മുളച്ചുവന്ന ശേഷം ഒരു ചിരട്ടയിലെ ചെടിക്കു മാത്രം വെള്ളമൊഴിക്കുക. രണ്ടാഴ്ച രണ്ടു ചെടികളും നിരീക്ഷിക്കൂ. എന്താണ് സംഭവിച്ചത്? എഴുതൂ.

## വെള്ളം നിറയ്ക്കൽകളി

ബക്കറ്റിലെ വെള്ളം കൈക്കുമ്പിളിൽ എടുത്ത് ദൂരെവച്ച ഗ്ലാസിൽ നിറയ്ക്കുന്നതാണ് കളി. ഓരോ സംഘത്തിലെയും കുട്ടികൾ ഓരോരുത്തരായി വന്ന് കൈക്കുമ്പിളിൽ വെള്ളമെടുത്ത് അവരവരുടെ ഗ്ലാസുകളിൽ നിറയ്ക്കണം. നിശ്ചിത സമയത്തിനകം ഏതു സംഘത്തിന്റെ ഗ്ലാസിലാണ് കൂടുതൽ വെള്ളം നിറഞ്ഞത്, ആ സംഘം വിജയിക്കും.

## ആരാണ്?

കടങ്കഥയുടെ ഉത്തരം കണ്ടെത്തി അതിന്റെ ചിത്രം വരച്ചു നിറം നൽകൂ.

അപ്പം പോലെ തടിയുണ്ട്,
അൽപ്പം മാത്രം തലയുണ്ട്.

ഉറങ്ങും. പക്ഷേ,
കണ്ണടയ്ക്കില്ല.

## എഴുതാം




- എന്തിനൊക്കെയാണ് വെള്ളം ഉപയോഗിക്കുന്നത്?
    -
    -
    - ആഹാരം പാകം ചെയ്യാൻ
    -
    -
    -
    -
    -
    -
    -

- എവിടെ നിന്നൊക്കെയാണ് നമുക്ക് വെള്ളം ലഭിക്കുന്നത്?

## പറയാം

- ജലസ്രോതസ്സുകൾ സംരക്ഷിച്ചില്ലെങ്കിൽ എന്തൊക്കെ അപകടങ്ങളാണുണ്ടാവുക? പറയൂ.





- ചിത്രം കണ്ടല്ലോ. ഇതുപോലെ ജലം മലിനമാകുന്ന മറ്റു സന്ദർഭങ്ങൾ ഏതൊക്കെ?

## കുളം

നമ്മുടെ നാട്ടിൽ ചെറുതും വലുതുമായ നിരവധി കുളങ്ങളുണ്ട്. കുളത്തിൽ ധാരാളം വെള്ളം കെട്ടിനിൽക്കുന്നു. കൃഷിക്കു നനയ്ക്കാൻ കുളത്തിലെ വെള്ളം ഉപയോഗിക്കാറുണ്ട്. നീന്തിക്കുളിക്കാനും മീൻ വളർത്താനും കുളങ്ങൾ പ്രയോജനപ്പെടുന്നു. ആമ്പൽ, താമര, കുളവാഴ, വിവിധതരം പായലുകൾ തുടങ്ങിയ ജലസസ്യങ്ങളും കുളത്തിൽ വളരുന്നു. മീനുകൾക്കു പുറമെ ആമ, നീർക്കോലി തുടങ്ങിയ ജീവികളും കുളത്തിലുണ്ടാവും.

## പുഴ

## കിണർ

## മറന്നിടല്ലേ...




ഓ... തിത്തിത്താരാ തിത്തിത്തെയ്
തിത്തെയ് തക തെയ് തെയ് തോം

കുടിക്കാനും കുളിക്കാനും
ചെടികൾക്ക് നനയ്ക്കാനും
ജലം വേണമെന്ന കാര്യം മറന്നിടല്ലേ......
ഓ... തിത്തിത്താരാ തിത്തിത്തെയ്
തിത്തെയ് തക തെയ് തെയ് തോം

മാനും മീനും പൈക്കിടാവും
പാട്ടു പാടും പൂങ്കുയിലും
പുല്ലും നെല്ലും പുലർന്നീടാൻ
തെളിനീർ വേണം
ഓ...തിത്തിത്താരാ തിത്തിത്തെയ്
തിത്തെയ് തക തെയ് തെയ് തോം...

മഴവെള്ളം നിറഞ്ഞിടും
കുളം, പുഴ, ചോലയെല്ലാം
ശുചിയാക്കി എന്നുമെന്നും സൂക്ഷിച്ചിടേണം
ഓ....തിത്തിത്താരാ തിത്തിത്തെയ്
തിത്തെയ് തക തെയ് തെയ് തോം



# 7. അറിഞ്ഞു കഴിക്കാം







രാവിലെ നന്നായി ആഹാരം കഴിക്കണം. ദിവസം മുഴുവനും കളിക്കാനും പഠിക്കാനും വേണ്ട ശക്തി പ്രഭാത ഭക്ഷണത്തിൽ നിന്നല്ലേ കിട്ടുന്നത്...
എന്തു കഴിക്കുമ്പോഴും നന്നായി ചവച്ചരച്ച് കഴിക്കണം.
ആഹാരത്തെക്കുറിച്ചും ആരോഗ്യത്തെക്കുറിച്ചും ക്ലാസെടുക്കാൻ ഇന്ന് ഡോക്ടർ സ്കൂളിൽ വരുന്നുണ്ട്.
സംശയങ്ങൾ ഡോക്ടറോടു ചോദിക്കാം, അല്ലേ ടീച്ചർ?


വിശപ്പുമാറാൻ എന്തെങ്കിലും കഴിച്ചാൽപോരേ ഡോക്ടർ?
അതുപോരാ, ആരോഗ്യത്തോടെ വളരാനും പ്രവൃത്തി ചെയ്യാനുള്ള ശക്തി ലഭിക്കാനും വേണ്ടതെല്ലാം ആഹാരത്തിൽ ഉൾപ്പെടുത്തണം.


ആഹാരത്തിൽ എന്തൊക്കെ ഉൾപ്പെടുത്തണം?
ധാന്യങ്ങളും പഴങ്ങളും പച്ചക്കറികളുമെല്ലാം ഉൾപ്പെടുത്തണം. മത്സ്യവും മാംസവും പാലുമൊക്കെ കഴിക്കുന്നതും നല്ലതാണ്.


പോഷകങ്ങളുള്ള ആഹാരം കഴിച്ചാൽ മാത്രം പോരാ, നല്ല ആഹാരശീലങ്ങളും പാലിക്കണം. പഴകിയതും കേടുവന്നതുമായ ആഹാരം കഴിക്കരുത്. സ്വാദും നിറവും മണവും വർധിപ്പിക്കാൻ ആഹാരത്തിൽ പലതും ചേർക്കുന്നുണ്ട്. അത്തരം ആഹാരം ഒഴിവാക്കുന്നതാണ് നല്ലത്.


നമ്മുടെ നാട്ടിലുണ്ടാവുന്ന ചക്കയും മാങ്ങയും പപ്പായയും എല്ലാം കഴിക്കണം. അവലും തേങ്ങയുമൊക്കെ നിങ്ങൾ കഴിക്കാറുണ്ടോ?

സ്കൂൾ വിട്ട് കുട്ടികൾ വീട്ടിലേക്കു തിരിച്ചു.






## പറയാം, എഴുതാം

- പ്രഭാതഭക്ഷണം ഒഴിവാക്കരുതെന്ന് പറയുന്നത് എന്തുകൊണ്ടാണ്?
- ആഹാരം എങ്ങനെ കഴിക്കണം എന്നാണ് മുത്തശ്ശി പറഞ്ഞത്?

- എന്തിനാണ് നാം ആഹാരം കഴിക്കുന്നത്?
- ആഹാരത്തിൽ എന്തൊക്കെ ഉൾപ്പെടുത്തണം?

## ഞാൻ കഴിച്ചത്

നിങ്ങൾ ഓരോ ദിവസവും കഴിക്കുന്ന ആഹാരം എന്തൊക്കെ? എഴുതൂ.

| | |
|---|---|
| ഞായർ | |
| തിങ്കൾ | |
| ചൊവ്വ | |
| ബുധൻ | |
| വ്യാഴം | |
| വെള്ളി | |
| ശനി | |

നിങ്ങൾ ഒരാഴ്ച കഴിച്ച ആഹാരത്തിൽ എന്തൊക്കെ ഉൾപ്പെട്ടിട്ടുണ്ട്? അവയുടെ നേരെയുള്ള കളങ്ങളിൽ നിറം നൽകൂ.

- അരി, ഗോതമ്പ്, ... (ധാന്യങ്ങൾ) ☐
- പച്ചക്കറികൾ ☐
- പഴങ്ങൾ ☐
- ഇലക്കറികൾ ☐
- പാൽ ☐
- മീൻ ☐
- മുട്ട ☐
- ഇറച്ചി ☐
- കിഴങ്ങുകൾ ☐

നിങ്ങൾക്ക് എത്ര കളങ്ങളിൽ നിറം നൽകാൻ കഴിഞ്ഞു? ക്ലാസിലെ മറ്റു കുട്ടികളോ?

## രുചി എഴുതാം





## എണ്ണപ്പലഹാരങ്ങൾ

എണ്ണയിൽ ചുട്ടെടുത്തവ ഏതൊക്കെ? വരച്ച് യോജിപ്പിക്കൂ.

കൊഴുക്കട്ട

ബജി

പപ്പടം

പായസം



ഇടിയപ്പം

നെയ്യപ്പം

ഉഴുന്നുവട

ബിസ്കറ്റ്

പുട്ട്

തരിയുണ്ട

## പായസം തയാറാക്കാം

### ആവശ്യമുള്ള സാധനങ്ങൾ

അരി, പാൽ, പഞ്ചസാര, നെയ്യ്, അണ്ടിപ്പരിപ്പ്, ഉണക്കമുന്തിരി, ഏലക്കായ

## തയാറാക്കുന്ന വിധം

ഒരു പാത്രത്തിൽ പാൽ എടുത്ത് അടുപ്പിൽ വച്ച് തിളപ്പിക്കുക. പാൽ തിളച്ചുവരുമ്പോൾ അരി അതിൽ ഇടുക. അരി വെന്തുവരുമ്പോൾ ആവശ്യത്തിന് പഞ്ചസാര ചേർത്ത് ഇളക്കുക. അതിനുശേഷം നെയ്യിൽ വറുത്തെടുത്ത അണ്ടിപ്പരിപ്പും ഉണ ക്കമുന്തിരിയും ഇടുക. ഏലക്കായ പൊടിച്ചത് ചേർക്കുക. പായസം തയാർ.



## എന്തെല്ലാം ചേരുവകൾ?




## അവൽ കുഴയ്ക്കാം

ക്ലാസിലെ കുട്ടികളും ടീച്ചറും ചേർന്ന് അവൽ കുഴച്ചത് ഉണ്ടാക്കുന്നു.

## പാചകക്കുറിപ്പെഴുതാം

അവൽ കുഴച്ചത് തയാറാക്കിയല്ലോ. എന്തൊക്കെ വസ്തുക്കൾ ഉപയോഗിച്ചു? എങ്ങനെയാണ് തയാറാക്കിയത്?

## പതിപ്പു തയാറാക്കാം

പത്രമാസികകളിൽ വരുന്ന പാചകക്കുറിപ്പുകൾ ശേഖരിച്ച് ഒരു പതിപ്പ് തയാറാക്കൂ.

## ഉറക്കെ വായിക്കാം

| | |
|---|---|
| സ്വാദ് | സദ്യ |
| സ്വപ്നം | സസ്യം |

## ഡയറി എഴുതാം


കണ്ണാടി

ജോബിയും ജാൻസിയും ഡോക്ടർ വന്ന ദിവസത്തെ ഡയറി എഴുതി. എന്തൊക്കെയായിരിക്കും അവർ എഴുതിയിരിക്കുക?

## ഡയറി വിലയിരുത്താം

- സംഭവങ്ങൾ വിട്ടുപോകാതെ എഴുതിയിട്ടുണ്ട്. - 2 പോയിന്റ്
- അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. - 1 പോയിന്റ്
- സ്വന്തം അനുഭവങ്ങൾ ചേർത്തിട്ടുണ്ട്. - 2 പോയിന്റ്

എനിക്ക് കിട്ടിയ ഗ്രേഡ്

| A | B | C | D | E |
|---|---|---|---|---|

## പഴം, പച്ചക്കറി, പലഹാരം

- മൈദ ഉപയോഗിച്ച് പഴങ്ങളുടെയും പച്ചക്കറികളുടെയും പലഹാരങ്ങളുടെയും മാതൃകകൾ നിർമിക്കൂ. നിറം നൽകി പ്രദർശിപ്പിക്കൂ.
- 'ൃ' എന്ന ചിഹ്നം വരുന്ന എത്ര വാക്കുകൾ പാഠത്തിലുണ്ട്? എഴുതൂ. നിങ്ങൾക്കറിയാവുന്ന മറ്റു പദങ്ങളും എഴുതൂ.




## വായിച്ചു വളരാം

# കൊതിയൂറും രുചികൾ

ആഹാരത്തെക്കുറിച്ച് ഓർത്തപ്പോഴേ നാക്കിൽ വെള്ളം ഊറിത്തുടങ്ങി, അല്ലേ? നിറത്തിലും മണത്തിലും രുചിയിലും വ്യത്യാസമുള്ള എത്രയെത്ര പലഹാരങ്ങൾ! എന്തുകൊണ്ടാവും ഓരോന്നിനും ഓരോ സ്വാദ്? വടയുടെ രുചിയല്ല ലഡുവിന്. പുഴുങ്ങിയ കപ്പയുടെ സ്വാദല്ല കാന്താരിച്ചമ്മന്തിക്ക്. ചേരുവകൾ മാറുമ്പോൾ സ്വാദും മാറും.

പഞ്ചസാരയോ ശർക്കരയോ ചേർത്ത പായസത്തിന് മധുരം തന്നെയല്ലേ ഉണ്ടാവൂ. പച്ചമുളകും ഇഞ്ചിയും ഉള്ളിയും ചേർത്ത് എണ്ണയിൽ ചുട്ടെടുക്കുന്ന വടയ്ക്ക് എരിവുണ്ടാവാനല്ലേ തരമുള്ളൂ.

സാമ്പാറും അവിയലും തോരനുമെല്ലാം ഓരോരോ രുചിയല്ലേ. ചേരുവകളിലെ മാറ്റമാണ് സ്വാദ് വ്യത്യസ്തമാക്കുന്നത് എന്ന് ഇപ്പോൾ പിടികിട്ടിയല്ലോ.

ആഹാരം പാകം ചെയ്യുന്ന രീതി മാറുമ്പോഴും രുചിയിൽ വ്യത്യാസമുണ്ടാവും. ദോശയും ഇഡ്ഡലിയും ഒരേ മാവുകൊണ്ടാണ് ഉണ്ടാക്കുന്നത്. ഇഡ്ഡലി ആവിയിൽ വേവിക്കുന്നു. ദോശ കല്ലിൽ ചുട്ടെടുക്കുന്നു. രുചിയിലും ആകൃതിയിലും എല്ലാം വ്യത്യാസം.

അരി വെള്ളത്തിൽ വേവിച്ചെടുത്തല്ലേ നമ്മൾ ചോറുണ്ടാക്കുന്നത്. അരി പൊടിയാക്കി ആവിയിൽ വേവിച്ചെടുത്താൽ രുചികരമായ പുട്ട്.

തീക്കനലിൽ ചുട്ടുതിന്നുന്ന ചക്കക്കുരുവിന്റെ രുചി ഒന്നു വേറെത്തന്നെയാണ്. വേവിക്കാതെ കഴിക്കുന്ന ആഹാരങ്ങളും ഉണ്ട്.

പഴങ്ങൾ മിക്കവയും അത്തരത്തിലാണ് കഴിക്കുക.

അതുപോലെ അവൽ വേവിച്ചും വേവിക്കാതെയും ഭക്ഷിക്കാറുണ്ടല്ലോ. കൊതിയൂറുന്ന രുചിയുടെ രഹസ്യം ഇപ്പോൾ കൂട്ടുകാർക്ക് മനസ്സിലായില്ലേ.

# 8. അന്നും ഇന്നും


പീ... പീ... പീ... പീ...

പോം.... പോം.... പോം.... പോം....

കീ... കീ... കീ... കീ...

ഈ ശബ്ദങ്ങളെല്ലാം എന്താണെന്ന് പറയാതെതന്നെ മനസ്സിലായില്ലേ..

ചെറുതും വലുതുമായ വാഹനങ്ങൾ, തലങ്ങും വിലങ്ങും പാഞ്ഞു പോകുന്നതിനിടയിലൂടെയല്ലേ നമ്മുടെ യാത്ര. കാറിലും ബസ്സിലും മോട്ടോർസൈക്കിളിലും കയറി പോകുന്നവർ, കാൽനടക്കാർ, സൈക്കിളിൽ കയറി റോഡിന്റെ ഓരം ചേർന്ന് പോകുന്നവർ... എല്ലാം നമ്മൾ നിത്യേന കാണുന്ന കാഴ്ചകളാണല്ലോ. എന്തെല്ലാം തരം വാഹനങ്ങൾ!




വായുവിലും വെള്ളത്തിലും കരയിലും ഓടുന്നവ. പല വലുപ്പ ത്തിലും രൂപത്തിലും ഉള്ളവ. ഓരോന്നിനും വ്യത്യസ്തമായ ഉപയോഗങ്ങളും......

ഇത് ഇന്നത്തെ കാലം. എന്നാൽ ഒരു വാഹനംപോലും ഇല്ലാ തിരുന്ന കാലത്തെപ്പറ്റി ചിന്തിക്കാൻ കഴിയുമോ? അങ്ങനെയും ഉണ്ടായിരുന്നു ഒരു കാലം. അക്കാലത്ത് ആളുകൾ എങ്ങ നെയായിരിക്കും സഞ്ചരിച്ചിരിക്കുക! എവിടേക്കു പോകണമെ ങ്കിലും കാൽനടയായി പോകണം. ഒരിടത്തുനിന്നു മറ്റൊരിട ത്തെത്താൻ ദിവസങ്ങളും ആഴ്ചകളും വേണ്ടി വന്നു. ചിലപ്പോൾ മാസങ്ങളും.

പണ്ടു യാത്രചെയ്യാൻ എന്തൊക്കെ പ്രയാസങ്ങൾ ആയിരിക്കും മനുഷ്യർ അനുഭവിച്ചിരിക്കുക?

മൃഗങ്ങളെ ഇണക്കി വളർത്താൻ തുടങ്ങിയതോടെ ആന, കുതിര, ഒട്ടകം, കഴുത തുടങ്ങിയവയുടെ പുറത്തുകയറി






യായിരുന്നു യാത്ര. നടന്നുപോകുന്നതിനേക്കൾ എളുപ്പമായി ഈ യാത്ര. സാധനങ്ങൾ ചുമന്നുകൊണ്ടു പോകുന്നതിനും മൃഗങ്ങളെ ഉപയോഗിച്ചു.

ധനികർക്ക് സഞ്ചരിക്കാൻ മനുഷ്യൻ ചുമന്നുകൊണ്ടു പോകുന്ന മഞ്ചൽ, പല്ലക്ക് എന്നിവ ഉണ്ടായിരുന്നു.


വെള്ളത്തിലൂടെ യാത്ര ചെയ്യേണ്ടി വന്നപ്പോൾ മരത്തടികൾ കൂട്ടിക്കെട്ടി ചങ്ങാടങ്ങൾ ഉണ്ടാക്കി. പിന്നീടാണ് മരത്തടികൾ ചെത്തിമിനുക്കി തോണികൾ ഉണ്ടാക്കാൻ തുടങ്ങിയത്. ഇതിൽ കയറി നദികളും പുഴകളും മുറിച്ചു കടന്നു. കാറ്റിന്റെ ശക്തി ഉപയോഗിച്ച് ഓടുന്ന പായ്ക്കപ്പലുകൾ ഉണ്ടാക്കി. ഇന്ന് ധാരാളം ജലവാഹനങ്ങളുണ്ട്. തോണി, ബോട്ട്, ഉരു, കപ്പൽ തുടങ്ങിയവ.






പത്തുനിലക്കെട്ടിടത്തിന്റെ വലുപ്പമുള്ള പടുകൂറ്റൻ കപ്പലുകൾ വരെ ഇന്നുണ്ട്.

ചക്രങ്ങളുടെ കണ്ടുപിടിത്തമാണ് വാഹനങ്ങളുടെ മാറ്റത്തിന് ഹേതുവായത്. മനുഷ്യർ ചുമന്നുകൊണ്ടു പോകുന്ന വാഹനങ്ങൾക്കു പകരം മൃഗങ്ങൾ വലിക്കുന്ന ചക്രവണ്ടികൾ ഉണ്ടായി. കാളവണ്ടി, കുതിരവണ്ടി എന്നിവ ഉപയോഗിച്ച് ആളുകൾ കൂടുതൽ ദൂരത്തേക്ക് കൂടുതൽ വേഗത്തിൽ സഞ്ചരിച്ചു. സാധനങ്ങൾ കൊണ്ടുപോകാനും ഈ വാഹനങ്ങൾ ഉപയോഗിച്ചു. പഴയകാലത്ത് നമ്മുടെ നാട്ടിലും കാളവണ്ടികൾ ഉണ്ടായിരുന്നു. ചന്തയിൽനിന്നു സാധനങ്ങൾ കയറ്റി 'കിലും കിലും' ശബ്ദമുണ്ടാക്കി ഓടുന്ന കാളവണ്ടികൾ ഇന്ന് കാണാനേ ഇല്ല.



മോട്ടോർവാഹനങ്ങളുടെ വരവോടെ വലിയ മാറ്റങ്ങൾ വന്നു. സഞ്ചാരം കൂടുതൽ വേഗത്തിലും എളുപ്പത്തിലുമായി. ആളുകൾക്ക് ഒന്നിച്ച് യാത്രചെയ്യാൻ കഴിഞ്ഞു. പെട്രോൾ, ഡീസൽ എന്നിവ ഉപയോഗിച്ചാണ് മോട്ടോർവാഹനങ്ങൾ ഓടിക്കുന്നത്. വൈദ്യുതികൊണ്ടും സൂര്യപ്രകാശംകൊണ്ടും ഓടുന്ന വാഹനങ്ങൾ ഇന്നുണ്ട്.



ആയിരത്തിലേറെ ആൾക്കാരെ കയറ്റിപ്പോകുന്ന തീവണ്ടി, കപ്പൽ, വിമാനം എന്നിവയെല്ലാം മോട്ടോർവാഹനങ്ങളുടെ കൂട്ടത്തിൽ കേമന്മാരാണ്. സാധനങ്ങൾ കൊണ്ടുപോകാനും ഈ വാഹനങ്ങൾ ഉപയോഗിക്കുന്നു. ഉയർന്ന കുന്നുകളും നിരപ്പുള്ള പ്രദേശങ്ങളും നമ്മുടെ നാട്ടിലുണ്ട്. നിരപ്പായ പ്രദേശങ്ങളിൽ സൈക്കിൾ യാത്ര സുഖകരമാണ്. കയറ്റങ്ങൾ താണ്ടിയുള്ള യാത്രയ്ക്ക് ജീപ്പ് വളരെ ഫലപ്രദമാണ്. പുഴയും കായലും തോടും ഉള്ളിടങ്ങളിൽ ചെറിയ തോണികളും വലിയ വള്ളങ്ങളും ഉപയോഗിക്കുന്നു.

യാത്രയ്ക്കും സാധനങ്ങൾ കൊണ്ടുപോകാനും മാത്രമല്ല വാഹനങ്ങൾ ഉപയോഗിക്കുന്നത്. ഫയർ എൻജിൻ, മണ്ണുമാന്തുന്നതിനുള്ള യന്ത്രം, യുദ്ധത്തിനുപയോഗിക്കുന്ന വാഹനങ്ങൾ, റോഡ് റോളർ എന്നിവ ഇവയിൽ ചിലതാണ്.

## പറയാം

ഏതെല്ലാം വാഹനങ്ങളെക്കുറിച്ചാണ് പാഠഭാഗത്ത് പറഞ്ഞിട്ടുള്ളത്?

## എഴുതാം

| ഞാൻ കയറിയ വാഹനങ്ങൾ | ഞാൻ കണ്ട വാഹനങ്ങൾ |
|---|---|
| ------------------------ | ------------------------ |
| ------------------------ | ------------------------ |
| ------------------------ | ------------------------ |
| ------------------------ | ------------------------ |
| ------------------------ | ------------------------ |


## പട്ടികയാക്കാം

| **യാത്രയ്ക്ക്** | **സാധനങ്ങൾ കൊണ്ടുപോകുന്നതിന്** | **മറ്റാവശ്യങ്ങൾക്ക്** |
|---|---|---|
| • ബസ് | • ലോറി | • മണ്ണുമാന്തിയന്ത്രം |
| • | • | • |
| • | • | • |
| • | • | • |

## എഴുതാം


മോട്ടോർവാഹനങ്ങൾ വരുന്നതിനുമുമ്പ് മനുഷ്യർ യാത്ര ചെയ്തിരുന്നത് എങ്ങനെയെല്ലാമാണ്?

## കടങ്കഥ നിർമിക്കാം



വട്ടത്തിൽ ചവിട്ടിയാൽ നീളത്തിലോടും

മണിയടിച്ചാൽ മലമ്പാമ്പോടും



ഈ വാഹനങ്ങളെക്കുറിച്ചു കടങ്കഥ നിർമിക്കാമോ?

## കഥപറയും വാഹനങ്ങൾ

കൂട്ടുകാരേ, എന്നെ നിങ്ങൾക്ക് നന്നായറിയും. നിങ്ങളുടെ ഇഷ്ടതോഴനാണ് ഞാൻ - സൈക്കിൾ.

തിളങ്ങുന്ന കമ്പികളുള്ള എന്റെ ചക്രങ്ങൾ നോക്കൂ... കാണാൻ എന്തൊരു ചേലാണ്! സീറ്റ്, ബെല്ല്, പെഡൽ, ഹാൻഡിൽ... അങ്ങനെ പലതും എനിക്കുണ്ട്. ഓടിക്കാൻ പെട്രോൾ, ഡീസൽ എന്നിവയൊന്നും വേണ്ട എന്നതാണ് എന്റെ ഏറ്റവും വലിയ



ഗുണം. ഓടിക്കാൻ പണച്ചെലവില്ല എന്നു മാത്രമല്ല, സൈക്കിൾ ചവിട്ടുന്നത് നല്ല വ്യായാമവുമാണ്. നിരപ്പായ സ്ഥലങ്ങളിലൂടെ ഞാൻ സുഖമായി ഓടും. പെട്രോളും ഡീസലും ഇല്ലാത്ത കാലം വരട്ടെ...! എല്ലാവരും എന്നെ തിരഞ്ഞുവരും. നിങ്ങളെല്ലാവരും സൈക്കിൾ ഓടിക്കാൻ പഠിക്കണം കേട്ടോ....

ക്ണിം.... ക്ണിം.... ക്ണിം

സൈക്കിളിന്റെ കഥ വായിച്ചല്ലോ. മറ്റൊരു വാഹനത്തെക്കുറിച്ചുള്ള ചില കാര്യങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. ഏതാണ് വാഹനമെന്ന് മനസ്സിലായല്ലോ? ഈ വാഹനത്തെക്കുറിച്ചുള്ള കുറിപ്പ് തയാറാക്കൂ.

| | | |
|---|---|---|
| സാധാരണക്കാരന്റെ പ്രിയപ്പെട്ട വാഹനം. | എനിക്ക് മൂന്നു ചക്രമുണ്ട്. | ഗ്രാമത്തിലും പട്ടണത്തിലും എന്നെ കാണാം. |

എനിക്ക് ഓടാൻ പെട്രോളോ ഡീസലോ ഗ്യാസോ വേണം.

---------------------------------------------------

---------------------------------------------------

---------------------------------------------------

---------------------------------------------------

---------------------------------------------------

---------------------------------------------------

---------------------------------------------------


വാഹനം ____________

സൈക്കിൾ ഉപയോഗിക്കുന്നതുകൊണ്ട് എന്തെല്ലാം ഗുണങ്ങളാണ് ഉള്ളത്?

- ...........................................................
- ...........................................................
- ...........................................................

ഓടിക്കുന്നതിന് ഇന്ധനം ആവശ്യമില്ലാത്ത മറ്റു വാഹനങ്ങൾ ഏവ?

ഓടാൻ ഇന്ധനം ആവശ്യമുള്ളവയെ പെട്രോൾ പമ്പിലേക്ക് വരച്ചു ചേർക്കൂ.



## വായിക്കാം

റോഡിലൂടെ നടക്കുമ്പോൾ പല കാര്യങ്ങളും ശ്രദ്ധിക്കേണ്ടതുണ്ട്. അല്ലെങ്കിൽ അപകടങ്ങൾ സംഭവിക്കാൻ സാധ്യതയുണ്ട്. റോഡിന്റെ വലതുവശം ചേർന്ന് വേണം നടക്കേണ്ടത്. റോഡിൽ നിന്ന് കളിക്കുകയോ റോഡിൽ കൂട്ടംകൂടി നിൽക്കുകയോ ചെയ്യരുത്. റോഡ് മുറിച്ചുകടക്കുമ്പോഴും ചില കാര്യങ്ങൾ ശ്രദ്ധിക്കണം. ഇരുവശത്തുനിന്നും വാഹനങ്ങൾ വരുന്നില്ല എന്ന് ഉറപ്പുവരുത്തിയ ശേഷം മാത്രം മുറിച്ചുകടക്കണം. റോഡിൽ സീബ്രാവരയുണ്ടെങ്കിൽ അതിലൂടെ വേണം മുറിച്ചുകടക്കാൻ. റോഡിലേക്ക് ഒരു സാധനവും വലിച്ചെറിയരുത്.


## അറിയിപ്പുകൾ തയാറാക്കാം

റോഡിലൂടെ നടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയെന്ന് വായിച്ചല്ലോ.

ഇതിൽ പറഞ്ഞ കാര്യങ്ങൾ അറിയിപ്പുബോർഡുകളാക്കി എഴുതൂ.



കൃത്യമായ സ്ഥലത്ത് വരച്ചു യോജിപ്പിക്കൂ.



ബസ്സിനെക്കുറിച്ച് ലഘുവിവരണം തയാറാക്കൂ.

## എഴുതാം




ഇതുപോലെ നിങ്ങൾ യാത്രചെയ്തപ്പോൾ കണ്ട അറിയിപ്പു ബോർഡുകൾ ഏതെല്ലാം? എഴുതൂ.




നിങ്ങൾ വാഹനത്തിൽ കയറി യാത്ര ചെയ്തിട്ടുണ്ടാവും. ഒരു യാത്രയുടെ അനുഭവം ചേർത്ത് വിവരണം തയാറാക്കൂ.

## കളി തുടങ്ങാം




കുട്ടികളുടെ സംഘം കലപിലകൂട്ടി രംഗത്ത് എല്ലായിടത്തും ഓടിനടക്കുന്നുണ്ട്. രവി പാറയുടെ മുകളിൽ കയറി നിന്ന്,

രവി : ഹൊ... നിങ്ങളെന്തിനാ ഇങ്ങനെ ബഹളം വച്ച് ഓടി നടക്കുന്നേ...

സീത : പിന്നെന്ത് വേണം?

രവി : അതെ... നമുക്കെന്തെങ്കിലും കളിക്കാം.

കുട്ടികൾ : എന്ത് കളിക്കും?

രവി : ഞാനൊരു പുതിയ കളി പഠിച്ചു...

കുട്ടികൾ : അതെന്തു കളി?

രവി : അതാണ് ട്രാഫിക് കളി.

(എല്ലാവരും രവിയെ കളിയാക്കി ചിരിച്ച് രംഗത്തിന്റെ ഒരു മൂലയിലേക്കു മാറി നിൽക്കുന്നു).

കുട്ടികൾ : എന്നാലെങ്ങനെയാ കളിയെന്ന് പറയ്....

രവി : പറയാം.... ആദ്യം സീതേ.... നീ ഒരു കാറാവണം.

സീത : ശരി.

കുട്ടികൾ : അങ്ങനെ കാറായാൽ പറ്റില്ല. ഒന്ന് ഓടിച്ചേ....

സീത : ശരി.

(സീത കാറിന്റെ ശബ്ദം ഉണ്ടാക്കി രംഗത്ത് ഒരു വലംവയ്ക്കുന്നു.)

രവി : ഇത് റോഡ്.

കുട്ടികൾ : ശരി.

രവി : ഇനി കാർത്തിക റോഡിലൂടെ നടക്കുമ്പോ.... എതിരേ..... കാറ് വരും.... ശരി തുടങ്ങാം....

കാർത്തിക : തുടങ്ങാം....

സീത : തുടങ്ങാം....

രവി : നിൽക്ക്.... നിൽക്ക്.... നിൽക്ക്.... റോഡിലൂടെ എങ്ങനെ നടക്കും? (കുട്ടികൾ എല്ലാവരും ചിരിക്കുന്നു).

കാർത്തിക : റോഡിലൂടെ എങ്ങനെയാ നടക്കുന്നേ.... കാൽകൊണ്ട് നടക്കും....

രവി : അങ്ങനെ നടന്നാൽ ഈ കളിയിൽ തോൽക്കും. ഈ കളിയിൽ ചില നിയമങ്ങളുണ്ട്. അത് പാലിച്ചാലേ ഈ കളിയിൽ ചേരാൻ കഴിയൂ.

സീത : എന്നാൽ നിയമങ്ങൾ പറയൂ.

രവി : ഞാൻ പറയാം. നിങ്ങൾ ഏറ്റുപറഞ്ഞുകൊള്ള ണം.

രവി : ഫുട്പാത്തുള്ള സ്ഥലങ്ങളിൽ അതിലൂടെ നടക്കുക.

(കുട്ടികൾ ആവർത്തിക്കുന്നു).

രവി : റോഡിന് വലതുവശം ചേർന്നു നടക്കുക.

(കുട്ടികൾ ആവർത്തിക്കുന്നു).

രവി : രാത്രി റോഡിലൂടെ നടക്കുമ്പോൾ വെള്ള വസ്ത്രങ്ങൾ ധരിക്കുക.

(കുട്ടികൾ ആവർത്തിക്കുന്നു).

കാർത്തിക : ശരി ശരി, സമ്മതിച്ചു.... ഞാനിനി ഈ റോഡിലൂടെ നടക്കട്ടേ....

കുട്ടികൾ : നടന്നോ നടന്നോ, പക്ഷേ, റോഡിലൂടെ നടക്കുമ്പോൾ കൂട്ടുചേർന്ന് നടക്കരുത്.

കാർത്തിക : ഇല്യാ....

കുട്ടികൾ : ഓടിക്കൊണ്ടിരിക്കുന്ന വാഹനത്തിൽ ചാടിക്കയറുകയോ അതിൽനിന്ന് ചാടി ഇറങ്ങുകയോ ചെയ്യരുത്....

കാർത്തിക : ഇല്യാ...

കുട്ടികൾ : സീബ്രാ വരകൾ ഉള്ള സ്ഥലത്തോ ട്രാഫിക് പോലീസ് ഉള്ള സ്ഥലത്തോ റോഡ് മുറിച്ചു കടക്കുക.

കാർത്തിക : ശരി ശരി, കളി തുടങ്ങാം.